## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 355

14.10.2011-ൽ മറുപടിക്ക്.

## പ്രകൃതി വാതക പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ഉപഭോക്താക്കൾക്ക് പ്രകൃതി--വാതകം പൈപ്പ് ലൈൻ വഴി എത്തിക്കുന്നതിനുള്ള പദ്ധതിക്ക് ധാരണായായിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കെ.എസ്.ഐ.ഡി.സി ആരുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; | (ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുമായി (GAIL) ചേർന്നാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. |
| (സി) ഇതു സംബന്ധിച്ച കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ ഗെയിലിന്റെ സബ്സിഡിയറിയായ ഗെയിൽ ഗ്യാസും കെ.എസ്.ഐ. ഡി.സി-യുമായി ചേർന്ന് ഒരു ജോയിന്റ് വെഞ്ചർ (JV) കമ്പനി രൂപീകരിക്കു--ന്നുണ്ട്. ഇതുവഴി സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചറിന്റെ പ്രവർത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിൽ പൈപ്പ് ലൈൻ വഴിയുള്ള സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ, ഗ്യാസ് ട്രെയിനിംഗ് സെന്റർ, ഗ്യാസ് അധിഷ്ഠിത വൈദ്യുത നിലയങ്ങൾ, പ്രകൃതി വാതക പൈപ്പ് ലൈൻ എന്നീ പദ്ധതികൾ നടത്തുവാനുദ്ദേശിക്കുന്നു. |
| (ഇ) ഈ പദ്ധതി എപ്രകാരം നടപ്പാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഇ) കൊച്ചി-കൂറ്റനാട്-മാംഗ്ളൂർ-ബാംഗ്ളൂർ പ്രകൃതി വാതക ശൃംഖലയും കൊച്ചി- കായംകുളം (സമുദ്രാന്തരത്തിലൂടെ) ശൃംഖലയും ഗെയിൽ ആണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ അനുബന്ധ പദ്ധതിയായിട്ടാണ് ജോയിന്റ് വെഞ്ചർ കമ്പനി പ്രവർത്തിക്കുന്നത്. ജോയിന്റ് വെഞ്ചർ കമ്പനിയുടെ പ്രവർത്തനത്തിൽ മുഖ്യമായത് സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ആണ്. ഇതിലേയ്ക്ക് പെട്രോളിയം & നാച്ചുറൽ ഗ്യാസ് റഗുലേറ്ററി ബോർഡ് (പി.എൻ.ജി.ആർ.ബി)-ന്റെ ഓതറൈസേഷൻ ആവശ്യമാണ്. ഓതറൈസേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ഓരോ ജില്ലകളിലും ഇതിന്റെ പ്രവർത്തനം നടത്തുന്നതാണ്. മറ്റുള്ള പ്രവർത്തനങ്ങൾ കമ്പനി രൂപീകരണം പൂർത്തിയാകുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ